# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1599

01.11.2019- ൽ മറുപടിയ്ക്ക്

### തൃത്താല നിയോജകമണ്ഡലത്തിലെ കൃഷിഭവനുകളിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ടി.ബൽറാം** | **ശ്രീ. വി. എസ്. സുനിൽകുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| (എ) തൃത്താല നിയോജകമണ്ഡലത്തിൽ നിലവിൽ സ്ഥിരം കൃഷി ആഫീസർമാരെ നിയമിച്ചിട്ടില്ലാത്ത കൃഷിഭവനുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കൃഷിഭവനുകളിൽ കൃഷി ആഫീസറുടെ തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞ് കിടക്കുന്നു എന്നും കൃഷി ആഫീസർമാരുടെ ചുമതല ആർക്കൊക്കെയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) തൃത്താല നിയോജകമണ്ഡലത്തിൽ ചാലിശ്ശേരി കൃഷി ഭവനിൽ നിലവിൽ സ്ഥിരം കൃഷി ഓഫീസറെ നിയമിച്ചിട്ടില്ല. 16.03.2019 മുതൽ ചാലിശ്ശേരി കൃഷി ഓഫീസറുടെ പൂർണ്ണ അധികചുമതല തിരുമിറ്റക്കോട് കൃഷി ഭവനിലെ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. കൂടാതെ, തൃത്താല, ആനക്കര, കപ്പൂർ കൃഷി ഭവനുകളിൽ സ്ഥിരം കൃഷി ഓഫീസർമാരെ നിയമിച്ചിരുന്നുവെങ്കിലും അവർ ഇതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. അധിക ചുമതല നൽകിയത് താഴെപ്പറയും പ്രകാരമാണ്.<br>1) തൃത്താല കൃഷിഭവന്റെ അധികചുമതല 04.09.2019 മുതൽ തിരുമിറ്റക്കോട് കൃഷി ഓഫീസർക്ക് നൽകി.<br>2) ആനക്കര കൃഷിഭവന്റെ അധികചുമതല 01.05.2019 മുതൽ പട്ടിത്തറ കൃഷി ഓഫീസർക്ക് നൽകി. |

| | | | |
|---|---|---|---|
| | | | 3) കപ്പൂർ കൃഷി ഭവന്റെ അധികച്ചുമതല 04.09.2019 മുതൽ പട്ടിത്തറ കൃഷി ഓഫീസർക്ക് നൽകി. |
| (ബി) | തൃത്താല നിയോജകമണ്ഡലത്തിലെ കൃഷിഭവനുകളിൽ അനുവദിച്ചിട്ടുള്ള അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുടെ തസ്തികകളുടെ എണ്ണം കൃഷിഭവനുകൾ തിരിച്ച് വ്യക്തമാക്കാമോ; ഈ തസ്തികകളിൽ ഒഴിഞ്ഞു കിടക്കുന്നവ ഏതൊക്കെയാണെന്നും എന്നു മുതലാണ് ഒഴിഞ്ഞു കിടക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രളയക്കെടുതിയിൽ ദുരിതം അനുഭവിക്കുന്ന ഇവിടുത്തെ കർഷകർക്ക് സമയബന്ധിതമായി ആശ്വാസം എത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഈ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**

അനുബന്ധം

| ക്രമ നം | കൃഷിഭവന്റെ പേര് | അംഗീകൃത തസ്തികകളുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ഒഴിവുണ്ടാകാനുള്ള കാരണം / ഏതു തീയതി മുതൽ |
|---|---|---|---|---|
| 1. | തൃത്താല | 3 | - | |
| 2. | നാഗലശ്ശേരി | 3 | - | |
| 3. | ആനക്കര | 3 | 1 | ശ്രീ. മാർജിൻ പോൾരാജിനെ 04.03.2019 മുതൽ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത ഒഴിവ്. |
| 4. | കപ്പൂർ | 3 | - | |
| 5. | തിരുമിറ്റക്കോട് | 3 | - | |
| 6. | പട്ടിത്തറ | 3 | - | |
| 7. | ചാലിശ്ശേരി | 3 | 1 | ശ്രീ. ജയൻ കെ - യെ മലപ്പുറം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റിയ ഒഴിവ്. |

സെക്ഷൻ ഓഫീസർ